LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ

36(2392) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

&

(ബി) മലയോര ഹൈവേയുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന മലയോര ഹൈവേയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. മലയോര ഹൈവേ - കൊല്ലങ്കോട് വടക്കാഞ്ചേരി റോഡ്.

2. മലയോര ഹൈവേ കൂട്ടുപാത - കൊല്ലങ്കോട് റോഡ്.

പ്രസ്തുത പ്രോജക്ടുകൾക്കായി 3500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 10-7-2017-ലെ ജി.ഒ. (ആർ.ടി.)നമ്പർ 942/2017/ പി.ഡബ്ല്യു.ഡി പ്രകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവ് 12.02.2021-ലെ ജി.ഒ.(ആർ.ടി.)നമ്പർ 188/2021/പി.ഡബ്ല്യു.ഡി പ്രകാരം പുതുക്കിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. അനുമതിക്കായി 11-4-2018-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി ഭൂമി വിട്ടുകിട്ടുമെന്നുള്ള രേഖകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭ്യമാക്കണമെന്ന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. ഫ്രീ സറണ്ടറായി ഭൂമി വിട്ടുകിട്ടുമെന്ന രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള റോഡ് നിർമ്മാണം

37(2393) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിൽ സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?